പാലക്കാട്

# എക്സ്പ്രസ്

REG.NO.KERMAL/2015/64278

0/078/2026 | Evening Daily | RS.3.00


## സംസ്ഥാന പോലീസിൽ ചരിത്രപരമായ മാറ്റവുമായി 'മൈ പോലീസ് സ്റ്റേഷൻ' പദ്ധതി ആഗസ്റ്റ് 15 മുതൽ

തിരുവനന്തപുരം:ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്ന ജനാധിപത്യ പോലീസിങ് ലക്ഷ്യമിട്ട് സംസ്ഥാനത്തെ പോലീസ് സംവിധാനത്തിലും സ്റ്റേഷനുകളിലും സമഗ്ര മാറ്റം വരുത്തുന്ന 'മൈ പോലീസ് സ്റ്റേഷൻ' പദ്ധതിക്ക് ആഗസ്റ്റ് 15 മുതൽ തുടക്കം. പോലീസിനെ ജനങ്ങളുടെ സ്വന്തം സംവിധാനമാക്കി മാറ്റുന്ന ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ മുഖച്ഛായ മാറുമെന്നും ഇത് ചരിത്രപരമായ മാറ്റമാണെന്നും ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല സെക്രട്ടേറിയറ്റ് പി ആർ ചേംബറിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പദ്ധതിയോടനുബന്ധിച്ച്, മുൻപ് സർക്കിൾ ഇൻസ്പെക്ടർമാർ വഹിച്ചിരുന്ന സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്എച്ച്ഒ) ചുമതല ഇനി മുതൽ സബ് ഇൻസ്പെക്ടർമാർക്ക് (എസ്ഐ) നൽകും. നേരിട്ട് ജോലിയിൽ പ്രവേശിക്കുന്ന യുവതീ-യുവാക്കളായ എസ്ഐമാർക്ക് പുതിയ ചുമതലകൾ ലഭിക്കുന്നത് അവരുടെ കാര്യക്ഷമതയും തീരുമാനമെടുക്കാനുള്ള ശേഷിയും കൂടുതൽ ശക്തമാക്കും. സംസ്ഥാനത്തെ 484 ലോ ആൻഡ് ഓർഡർ പൊലീസ് സ്റ്റേഷനുകളിൽ 419 എണ്ണത്തിലാണ് സബ് ഇൻസ്പെക്ടർമാരെ എസ്എച്ച്ഒ മാരായി നിയമിക്കുന്നത്. അതേസമയം സിറ്റികളിലേതുൾപ്പെടെ മറ്റു പ്രാധാനപ്പെട്ട 64 സ്റ്റേഷനുകളിൽ സർക്കിൾ ഇൻസ്പെക്ടർമാർ തന്നെ എസ്എച്ച്ഒ മാരായി തുടരുമെന്ന് മന്ത്രി പറഞ്ഞു.

63 പൊലീസ് സ്റ്റേഷനുകളിൽ വനിതാ സബ് ഇൻസ്പെക്ടർമാരാണ് എസ്എച്ച്ഒ മാരാകാൻ പോകുന്നത് എന്നത് സവിശേഷമായ നേട്ടമാണ്. മുല്ലപ്പെരിയാറിന്റെ തന്ത്രപ്രധാനമായ പശ്ചാത്തലം കണക്കിലെടുത്ത് അവിടുത്തെ എസ്എച്ച്ഒ ചുമതല ഡി.വൈ.എസ്.പി. യ്ക്ക് ആയിരിക്കും. എസ്ഐ മാർക്ക് മാർഗനിർദേശം നൽകാനും പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും സർക്കിൾ ഇൻസ്പെക്ടർമാരുടെ കീഴിൽ 200 പൊലീസ് സർക്കിളുകൾ രൂപീകരിക്കും. സ്റ്റേഷനുകളിൽ എത്തുന്ന ഓരോ വ്യക്തിയുടെയും അന്തസ്സ് മാനിച്ചുകൊ് സമയബന്ധിതമായി സേവനം നൽകി പൗരന്റെ സംതൃപ്തി ഉറപ്പുവരുത്തുന്നതിനാണ് പദ്ധതി ഊന്നൽ നൽകുന്നത്. കസ്റ്റഡി മരണങ്ങളും കസ്റ്റഡി മർദ്ദനങ്ങളും പൂർണമായി ഇല്ലാതാക്കും.പുതിയ എസ്എച്ച്ഒ മാർക്കും സ്റ്റേഷനുകളിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഘട്ടംഘട്ടമായി ഓറിയന്റേഷൻ പരിശീലനം നൽകും. സർക്കിൾ ഇൻസ്പെക്ടർമാർ മുതൽ മുകളിലേക്കുള്ള സൂപ്പർവൈസറി ഉദ്യോഗസ്ഥർക്കും ഡിവൈ.എസ്.പി മാർക്കും പ്രത്യേക പരിശീലനം നൽകും. കീഴുദ്യോഗസ്ഥരോടും പൗരന്മാരോടും നല്ല ബന്ധം പുലർത്താനും അനാവശ്യ സമ്മർദം മൂലമുള്ള ആത്മഹത്യകൾ ഒഴിവാക്കാനും സൂപ്പർവൈസറി ഉദ്യോഗസ്ഥർ ശ്രദ്ധിക്കേതു്. ലോൺ ആപ്പ് തട്ടിപ്പുകൾ ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സാങ്കേതിക മാറ്റങ്ങൾ പഠിക്കുകയും ഐജി സൈബർ സെക്യൂരിറ്റിയുടെ നേതൃത്വത്തിലുള്ള സംവിധാനം പ്രയോജനപ്പെടുത്തുകയും ചെയ്യും.

സംസ്ഥാനത്ത് 20 വർഷമായി നിലനിൽക്കുന്ന 'ജനമൈത്രി സുരക്ഷാ പദ്ധതി' കൂടുതൽ കാര്യക്ഷമമാക്കും. പദ്ധതിയുടെ ഭാഗമായി റേഞ്ച് ഡിഐജി മാർ തങ്ങളുടെ പരിധിയിലുള്ള സ്റ്റേഷനുകളിൽ നിന്ന് സ്വതന്ത്രമായി ഫീഡ്ബാക്ക് ശേഖരിച്ച് മാസം തോറും വിലയിരുത്തലുകൾ നടത്തും. സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ എഡിജിപി (ലോ ആൻഡ് ഓർഡർ) ആയിരിക്കും 'മൈ പോലീസ് സ്റ്റേഷൻ' കോ-ഓർഡിനേറ്റർ. പദ്ധതിയുടെ പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി സർക്കാരിന് സമർപ്പിക്കും.

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പദ്ധതിയുടെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരേ നിറത്തിലുള്ള പെയിന്റടിക്കും. ഒക്ടോബർ 2 ഓടുകൂടി മന്ത്രി ഓഫീസും ഹൈടെക്കാക്കുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. വാർത്താസമ്മേളനത്തിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖറും ആഭ്യന്തര മന്ത്രിയുടെ ഉപദേഷ്ടാവായ മുൻ ഡിജിപി എ ഹേമചന്ദ്രനും സന്നിഹിതരായിരുന്നു.

## ഓണച്ചന്തകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കർശന നിരീക്ഷണം: ലേബലില്ലാത്ത ഉപ്പേരിയും സുരക്ഷിതമല്ലാത്ത പായസവും പിടികൂടും

തൃശ്ശൂർ:ഓണക്കാലത്തോടനുബന്ധിച്ച് തൃശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഓണച്ചന്തകളിലും റോഡരികിലെ താത്കാലിക വിൽപന കേന്ദ്രങ്ങളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന ശക്തമാക്കുന്നു. വിവിധ ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ വിൽപന നടത്തുന്ന പായസം, ഉപ്പേരി, മറ്റ് ഭക്ഷണവിഭവങ്ങൾ എന്നിവ പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കും.

പായസം തയ്യാറാക്കാൻ ഉപയോഗിക്കുന്ന വെള്ളം പൂർണ്ണമായും സുരക്ഷിതവും കുടിവെള്ള നിലവാരമുള്ളതുമായിരിക്കണം. പാചകം, സംഭരണം, വിതരണം എന്നിവയിലെല്ലാം കർശനമായ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കണമെന്നും ഭക്ഷ്യസുരക്ഷാ വകുപ്പ് നിർദ്ദേശം നൽകിയിട്ടു്. പാക്ക് ചെയ്ത് വിൽപന നടത്തുന്ന ഉപ്പേരി, ശർക്കരപ്പേരി ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുക്കളിലും എഫ്.എസ്.എസ്.എ.ഐ ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ നമ്പർ, നിർമ്മാതാവിന്റെ പേരും വിലാസവും, നിർമ്മാണ തീയതി, ഉപയോഗിക്കേ അവസാന തീയതി, ശുദ്ധഭാരം, ചേരുവകൾ എന്നിവ ഉൾപ്പെടുത്തിയ നിർബന്ധിത ലേബൽ വിവരങ്ങൾ ഉായിരിക്കണം.ആവശ്യമായ ലേബൽ വിവരങ്ങളില്ലാതെ ഭക്ഷ്യവസ്തുക്കൾ വിൽപന നടത്തുകയോ സുരക്ഷിതമല്ലാത്ത വെള്ളം ഉപയോഗിച്ച് ഭക്ഷണം തയ്യാറാക്കുകയോ ഭക്ഷ്യസുരക്ഷാ നിയമങ്ങൾ ലംഘിക്കുകയോ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുമെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഓണാഘോഷങ്ങൾ സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾ ലേബൽ വിവരങ്ങൾ കൃത്യമായി പരിശോധിച്ച് മാത്രം ഉൽപന്നങ്ങൾ വാങ്ങണമെന്നും, സംശയാസ്പദമായ രീതിയിൽ ഭക്ഷ്യവസ്തുക്കൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ സമീപത്തെ ഭക്ഷ്യസുരക്ഷാ ഓഫീസിൽ വിവരമറിയിക്കണമെന്നും തൃശൂർ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ അറിയിച്ചു.




ഒറ്റപ്പാലത്തു തുടങ്ങിയ പുസ്തകോത്സവം മാധ്യമ പ്രവർത്തകൻ ഫിറോസ് കെ.പടിഞ്ഞാർക്കര ഉദ്ഘാടനം ചെയ്യുന്നു. സംഘാടകനായ എ.വി.ശശി അധ്യക്ഷനായി. എൻ.സിദ്ധീഖ്, കെ.എസ്.സതീഷ്, ഗ്ലിറ്റി സിബി എന്നിവർ സമീപം. ഒറ്റപ്പാലം നഗരസഭാ ഓപ്പൺ ഓഡിറ്റോറിയത്തിൽ 4 ദിവസങ്ങളിലായി നടത്തുന്ന പുസ്തകോത്സവം 8 നു സമാപിക്കും

## ഹിരോഷിമ – നാഗസാക്കി ദിനാചരണം സംഘടിപ്പിച്ചു.

വേങ്ങശ്ശേരി എൻ.എസ്.എസ്. ഹൈസ്കൂളിൽ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹിരോഷിമ - നാഗസാക്കി ദിനാചരണം സംഘടിപ്പിച്ചു. അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് അംഗം ഇ. രമേഷ് പരിപാടി ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപകൻ എം. ശശികുമാർ അധ്യക്ഷത വഹിച്ചു.

സാമൂഹ്യശാസ്ത്ര ക്ലബ്ബ് കൺവീനർ കെ. മുരളീകൃഷ്ണൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ പി. ഹർഷ നന്ദി രേഖപ്പെടുത്തി. എസ്. ശിവരഞ്ജൻ, പി. ദേവിക എന്നിവർ ഹിരോഷിമ-നാഗസാക്കി ദുരന്തത്തിന്റെ ചരിത്രപ്രാധാന്യവും ലോകസമാധാനത്തിന്റെ ആവശ്യകതയും ഊന്നിപ്പറഞ്ഞ് പ്രസംഗിച്ചു.

കെ.ആർ. ആദിത്യ, കെ. വൈഗ, കെ.ആർ. ആരഭിപ്രകാശ് എന്നിവർ കവിതാലാപനം നടത്തി, തുടർന്ന് ഹിരോഷിമ ദിനവുമായി ബന്ധപ്പെട്ട പോസ്റ്റർ പ്രദർശനവും നൃത്താവിഷ്കാരവും സംഘടിപ്പിച്ചു.

## പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി പ്രതിസന്ധി; ബി ജെ പി സമരം വസ്തുതകൾ മറച്ചുവെച്ച് – പഞ്ചായത്ത് പ്രസിഡന്റ്

പഴയന്നൂർ: ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പുതിയ പ്രവൃത്തികൾ ആരംഭിക്കാൻ വൈകുന്നതുമായി ബന്ധപ്പെട്ട് പ്രതിപക്ഷ പാർട്ടികൾ നടത്തിയ മാർച്ചും ധർണ്ണയും അടിസ്ഥാനരഹിതവും വസ്തുതകൾ മറച്ചുവെച്ചുകൊുമാണെന്ന് പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. തൊഴിലാളികളുടെ ജീവനോപാധിയെ മുൻനിർത്തി പഞ്ചായത്ത് ഭരണസമിതി നടത്തുന്ന ആത്മാർത്ഥമായ ഇടപെടലുകളെ കില്ലെന്ന് നടിച്ചാണ് പ്രതിപക്ഷം രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിക്കുന്നത്.

നിലവിൽ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട യാഥാർത്ഥ്യങ്ങൾ പൊതുജനങ്ങൾ മനസ്സിലാക്കേതു്:

സമീപകാല പ്രവൃത്തികളുടെ പൂർത്തീകരണം: അടിയന്തിര യോഗ നിർദ്ദേശപ്രകാരം കഠിനമായ ചൂടിനെയും വർക്ക് സൈറ്റിലെ മറ്റ് പരിമിതികളെയും മറികടന്ന് 2024-2025, 2025-2026 സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികളുടെ ജിയോടാഗിംഗ് പഞ്ചായത്ത് ഇതിനോടകം പൂർത്തീകരിച്ചിട്ടു്. നിലവിൽ ഓൺഗോയിംഗ് ആയിട്ടുള്ള പ്രവൃത്തികൾ മാത്രമാണ് ബാക്കിയുള്ളത്. ഇവയ്ക്ക് എത്രയും വേഗം ഫിസിക്കൽ കംപ്ലീഷൻ നൽകാൻ ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുമു്.

പുതിയ പ്രവൃത്തികൾക്ക് തടസ്സമാകുന്നത് മുൻവർഷങ്ങളിലെ സാങ്കേതിക പിഴവുകൾ: പുതിയ വർക്കുകൾ പഞ്ചായത്തിന് ലഭിക്കണമെങ്കിൽ, 2021-22 മുതൽ 2023-2024 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികളുടെ 'ഡ്യൂറിങ് ജിയോടാഗ്' ചെയ്ത് ഫിസിക്കൽ കംപ്ലീഷൻ നൽകേതു്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ ജീവനക്കാർ സൈറ്റുകളിൽ പരിശോധനയ്ക്ക് പോയപ്പോഴാണ് മുൻകാലങ്ങളിൽ നടന്ന ഗുരുതരമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടത്.

മുൻകാല ജിയോടാഗിങ്ങിലെ അപാകതകൾ: 2021 മുതൽ 2024 വരെയുള്ള പല പ്രവൃത്തികളും ജിയോടാഗ് ചെയ്യപ്പെട്ട സ്ഥലങ്ങളിലല്ല യഥാർത്ഥത്തിൽ നടന്നിട്ടുള്ളത് എന്ന് കെത്തിയിട്ടു്. ലൊക്കേഷൻ പരിശോധിച്ചപ്പോൾ പഴയന്നൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്, വാർഡുകൾ മാറിയുള്ള സ്ഥലങ്ങൾ, എന്തിന് പഴയ ഓവർസിയർമാരുടെ വീടിനു പരിസരം വരെ വർക്ക് സൈറ്റുകളായി കാണിക്കുന്നു്.

സൈറ്റുകളിലെ ശോചനീയാവസ്ഥ: പല പഴയ വർക്ക് സൈറ്റുകളിലേക്കും നിലവിൽ എത്തിച്ചേരാൻ കഴിയാത്ത സാഹചര്യമു്. അവിടെ സ്ഥാപിച്ചിരുന്ന ബോർഡുകളിലെ വിവരങ്ങൾ മാഞ്ഞുപോവുകയോ, ബോർഡുകൾ നശിച്ചുപോവുകയോ, പരസ്യചിത്രങ്ങൾ പതിപ്പിച്ച് ഉപയോഗശൂന്യമാവുകയോ ചെയ്തിട്ടു്.

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ: 2021-22 മുതൽ 2023-2024 വരെയുള്ള കാലയളവിൽ നടന്ന സോഷ്യൽ ഓഡിറ്റ് ഉൾപ്പെടെയുള്ള ഒരു പരിശോധനകളിലും ഈ പറഞ്ഞിട്ടുള്ള ജിയോടാഗിംഗ് അപാകതകൾ സംബന്ധിച്ച യാതൊരു പരാമർശങ്ങളോ റിപ്പോർട്ടുകളോ ഉായിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

ഈ മുൻകാല പ്രതിസന്ധികൾക്കിടയിലും, നിലവിലെ ജീവനക്കാർ പഴയ വർക്കുകളുടെ ജിയോടാഗിംഗ് പ്രയാസങ്ങൾ സഹിച്ച് പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. ഇതിന് സ്വാഭാവികമായും കൂടുതൽ സമയം ആവശ്യമു്. എന്നാൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ പുതിയ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തത് തൊഴിലാളികളെ സംബന്ധിച്ച് ഗുരുതരമായ സാഹചര്യമാണ് സൃഷ്ടിക്കുന്നത്.

സർക്കാരിനോടുള്ള ആവശ്യം: മേൽ പറഞ്ഞിട്ടുള്ള 2021 മുതൽ 2024 വരെയുള്ള കാലയളവിലെ പ്രവൃത്തികളുടെ ജിയോടാഗ് പൂർത്തീകരിച്ചാൽ മാത്രമേ പുതിയ പ്രവൃത്തികൾക്ക് അനുമതി ലഭിക്കൂ എന്ന നിബന്ധനയിൽ, ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അടിയന്തിരമായി ഇളവുകൾ നൽകണമെന്ന് ഗ്രാമപഞ്ചായത്ത് സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടു്. പുതിയ പ്രവൃത്തികൾ ഉടൻ ലഭ്യമാക്കാൻ ആവശ്യമായ എല്ലാ ഇടപെടലുകളും ഭരണസമിതിയുടെ ഭാഗത്തുനിന്ന് ഊർജ്ജിതമായി നടക്കുന്നു്.മുൻകാലങ്ങളിൽ സംഭവിച്ച സാങ്കേതിക പിഴവുകൾ തിരുത്തി മുന്നോട്ട് പോകുമ്പോൾ, അതിനെതിരെ സമരം ചെയ്ത് പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. തൊഴിലാളികളുടെ അന്നം മുട്ടിക്കുന്ന ഇത്തരം വിലകുറഞ്ഞ രാഷ്ട്രീയ നീക്കങ്ങളിൽ നിന്ന് പ്രതിപക്ഷം പിന്മാറണമെന്നും, തൊഴിലുറപ്പ് പദ്ധതി സുഗമമാക്കാൻ പഞ്ചായത്ത് നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാവരുടെയും പിന്തുണ ഉാകണമെന്നും പ്രസിഡന്റ് അഭ്യർത്ഥിച്ചു.

## സമ്പൂർണ ഐ.എസ്.ഒ പ്രഖ്യാപനം

തൃശ്ശൂർ:ജില്ലയിലെ മുഴുവൻ കുടുംബശ്രീ സി.ഡി.എസുകളും ഐ.എസ്.ഒ (9001:2015) ഗുണമേന്മ നിലവാരത്തിലേക്ക് ഉയർന്നതിന്റെ സമ്പൂർണ പ്രഖ്യാപനവും പരിപാടിയിൽ നടത്തും. കിലയുടെ കൺസൾട്ടൻസിയിൽ നടത്തിയ പരിശോധനയിലാണ് 86 ഗ്രാമീണ സി.ഡി.എസുകളും 14 നഗര സി.ഡി.എസുകളും ഉൾപ്പെടെ 100 ഓഫീസുകൾ ഈ നേട്ടം കൈവരിച്ചത്. ഫയൽ ക്രമീകരണം, സാമ്പത്തിക ഇടപാടുകളിലെ കൃത്യത, ഹെൽപ്പ് ഡെസ്ക്, പൊതുജനങ്ങൾക്കുള്ള സേവന മികവ് എന്നിവ പരിഗണിച്ചാണ് മൂന്ന് വർഷ കാലാവധിയുള്ള അന്താരാഷ്ട്ര അംഗീകാരം ലഭിച്ചത്.


REG.NO.KERMAL/2015/64278 A2-3395/15KERMAL-15744-PALAKKAD EXPRESS-EMAIL:palakkadexpress@gmail.com VOL6 NO 71 Printed andpublished Edited by Vinod Pazhayannur (Responsible for selection of news under PRB act) SAVIBA behind Govt:L.P.School Pazhayannur, PALAKKAD EXPRESS WEEKLY NEWS PAPPER Printed at Oruma printers&publishers LTD Thrissur for Matrix printers Palakkad. Ph:9847129333